**പതിനാലാം കേരളനിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2009** — **05.12.2018-ൽ മറുപടിക്ക്**

**മഹാ പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകൽ**

| ചോദ്യം<br>ശ്രീ.വി. കെ.സി. മമ്മത് കോയ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) മഹാപ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുവാൻ വ്യക്തികളും സംഘടനകളും രാഷ്ട്രീയ പാർട്ടികളും സന്നദ്ധത അറിയിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സന്നദ്ധത അറിയിച്ചവരുടെയും അവർ നിർമ്മിച്ച് നൽകുന്ന വീടുകളുടെയും വിവരങ്ങൾ ലഭ്യമാക്കാൻ സാധിക്കുമോ; എങ്കിൽ വിവരങ്ങൾ ലഭ്യമാക്കുമോ;<br>(സി) പ്രസ്തുത വാസഗൃഹങ്ങളുടെ പണികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ബി) യും (സി) യും റീബിൽഡ് കേരള മൊബൈൽ ആപ്പ് വഴി സന്നദ്ധ പ്രവർത്തകർ മുഖേന ശേഖരിച്ച വിവരം പ്രകാരം പൂർണ്ണമായി നാശനഷ്ടം സംഭവിച്ച 15220 വീടുകളും 75%-ൽ അധികം നാശനഷ്ടം സംഭവിച്ച 1953 വീടുകളും വസ്തുവുൾപ്പെടെ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്കുള്ള 817 വീടുമുൾപ്പെടെ ആകെ 17990 വീടുകൾ പുനഃനിർമ്മിക്കേണ്ടതുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. 27/11/2018-ലെ കണക്ക പ്രകാരം ഈ വിവരത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിന്റെ പരിശോധന പൂർത്തിയാക്കി 13016 വീടുകളുടെ പുനഃനിർമ്മാണത്തിന് റവന്യൂ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ പരിശോധന പൂർത്തിയാക്കി അംഗീകാരം നൽകുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു. 8072 പേർ 4 ലക്ഷം രൂപയുടെ സർക്കാർ സഹായം സ്വീകരിച്ച് സ്വന്തമായി വീടുകൾ നിർമ്മിക്കാൻ സന്നദ്ധമായിട്ടുണ്ട്. 2000 കുടുംബങ്ങൾക്ക് സ്പോൺസർഷിപ്പ് മുഖേന വീടുനിർമ്മിച്ച് നൽകാനാവുമെന്ന് കണക്കാക്കിയിട്ടുണ്ട്. സ്പോൺസർഷിപ്പ് വഴി വീടുകൾ നിർമ്മിച്ചുനൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ